**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2064** **30-09-2025 - ൽ മറുപടിയ്ക്ക്**

**സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഐ.എ.എസ്. കേഡറിൽ 78 എണ്ണവും ഐ.പി.എസ്. കേഡറിൽ 26 എണ്ണവും ഐ.എഫ്.എസ്. കേഡറിൽ 31 ഉദ്യോഗസ്ഥരുടെയും കുറവുണ്ട്.ആയതിനാൽ അധിക ചുമതല നൽകേണ്ട സാഹചര്യമാണ് ഉള്ളത്. |
| (ബി) | ഒരു വകുപ്പ് മേധാവിക്ക് ഒട്ടനവധി വകുപ്പുകളുടെ അധിക ചുമതലകൾ നൽകിയിട്ടുള്ള സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | ഐ.എ.എസ്. കേഡറിൽ 78 എണ്ണവും ഐ.പി.എസ്. കേഡറിൽ 26 എണ്ണവും ഐ.എഫ്.എസ്. കേഡറിൽ 31 ഉദ്യോഗസ്ഥരുടെയും കുറവുണ്ട്.ആയതിനാൽ അധിക ചുമതല നൽകേണ്ട സാഹചര്യമാണ് ഉള്ളത്. |
| (സി) | അഖിലേന്ത്യാ സർവീസിൽ കേരള കേഡറിലുള്ള എത്ര ഓഫീസർമാർ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നുണ്ടെന്ന് അറിയിക്കുമോ; | (സി) | ഐ.എ.എസ് ഉദ്യോഗസ്ഥരിൽ 30 പേര് കേന്ദ്ര ഡെപ്യൂട്ടേഷനിലും 9 പേർ സംസ്ഥാന ഡെപ്യൂട്ടേഷനിലും , ഐ.പി.എസ്. ഉദ്യോഗസ്ഥരിൽ 30 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും 5 പേര് സംസ്ഥാന ഡെപ്യൂട്ടേഷനിലും , ഐ.എഫ്.എസ് ഉദ്യോഗസ്ഥരിൽ 13 പേര് കേന്ദ്ര ഡെപ്യൂട്ടേഷനിലും ഒരാൾ സംസ്ഥാന ഡെപ്യൂട്ടേഷനിലുമാണ് . |
| (ഡി) | സംസ്ഥാനത്ത് സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ കുറവുകൾ പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ? | (ഡി) | നേരിട്ടുള്ള നിയമനത്തിലൂടെയും സ്ഥാനക്കയറ്റത്തിലൂടെയും സെലക്ഷൻ പ്രക്രിയയിലൂടെയുമാണ് അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരെ കേരള കേഡറിൽ നിയമിക്കുന്നത്. ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ